# പതിനാലാം കേരള നിയമസഭ

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2001**

**11-03-2020 ൽ മറുപടിക്ക്**

**കിഫ്ബിയിൽ ചീഫ് ആഡിറ്റർ നിയമനം**

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ പുതുതായി ചീഫ് ആഡിറ്ററെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് നിയമിച്ചതെന്ന് അറിയിക്കാമോ; | ഉണ്ട്. കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറിൽ ജോയിൻറ് ഡയറക്ടർ തസ്തികയിൽ ഉള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ ചീഫ് ആഡിറ്റർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) ചീഫ് ആഡിറ്ററെ നിയമിക്കുവാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള വിഭവസമാഹരണം ആരംഭിച്ചതോടെ ആർ.ബി.ഐ. മറ്റ് അനുബന്ധ ഏജൻസികളുമായുള്ള നിയമാനുസൃത റിപ്പോർട്ടിംഗ്, ഫണ്ടിംഗ് ഏജൻസികളുമായും ട്രസ്റ്റികളുമായുള്ള നിയമപരമായ റിപ്പോർട്ടിംഗ്, ത്രൈമാസികമായും അർദ്ധവാർഷികമായും നൽകേണ്ട ആഡിറ്റ് ചെയ്യപ്പെട്ടതും ചെയ്യപ്പെടാത്തതുമായ അക്കൗണ്ട്സുകളുടെ സമർപ്പണം എന്നിവ സമയബന്ധിതമായി ചെയ്യപ്പെടേണ്ട സാഹചര്യമാണുള്ളത്. നിലവിലെ അക്കൗണ്ട്സുകളുടെ നിയമാനുസൃത ആഡിറ്റിനും, ടാക്സ് ആഡിറ്റിനും പുറമേയാണ് ഇത്തരത്തിലുള്ള പരിശോധന നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. സമാന്തരമായി ഫണ്ട്ട്രസ്റ്റി & അഡ്വൈസറി കമ്മീഷനായി വിവിധ തരത്തിലുള്ള അക്കൗണ്ടിംഗ് സ്റ്റേറ്റ്മെൻറുകളും തയ്യാറാക്കേണ്ടതുണ്ട്. ഇതു കൂടാതെ വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ടേം ലോണുകളുടെ തിരിച്ചടവ് വീഴ്ച കൂടാതെ നടക്കുന്നുണ്ടെന്ന് കൃത്യമായും മോണിറ്റർ ചെയ്യേണ്ട സാഹചര്യവും നിലവിലുണ്ട്. ഇത്തരത്തിൽ കിഫ്ബിയിൽ സാമ്പത്തിക ക്രയവിക്രയങ്ങൾ വർദ്ധിച്ചു വരുന്ന |

| | |
|---|---|
| | സാഹചര്യത്തിൽ സുശക്തമായ ഒരു ഇന്റേണൽ ഓഡിറ്റിങ് സംവിധാനം അത്യന്താപേക്ഷിതമാണെന്ന് ബോർഡ് വിലയിരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഒരു ചീഫ് ഓഡിറ്ററിന്റെ ഉൾപ്പെടെ കൂടുതൽ വിദഗ്ദരുടെ സേവനം ഈ ഓഡിറ്റിങ് വിംഗിലേക്ക് നിർദ്ദേശിക്കുകയും ചെയ്തത്. |
| (സി) പ്രസ്തുത തസ്തികയുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | മാതൃ വകുപ്പിൽ ലഭിച്ചു കൊണ്ടിരുന്ന ശമ്പളവും മറ്റ് അലവൻസുകളുമാണ് കിഫ്ബിയും നൽകുന്നത്. നിലവിൽ പ്രസ്തുത ഉദ്യോഗസ്ഥന് ലഭിച്ചു കൊണ്ടിരിക്കുന്ന വേതനത്തിന്റെ വിവരം ചുവടെ പറയുന്നു. അടിസ്ഥാന ശമ്പളം 85000/-, ക്ഷാമബത്ത 17000/-, വീട്ടുവാടക ബത്ത 1750/- |

**സെക്ഷൻ ഓഫീസർ**